പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6996 13/07/2012-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ കുടുംബങ്ങളുടെ ക്ഷേമം

ചോദ്യം

ശ്രീ.പി. ശ്രീരാമകൃഷ്ണൻ :

മറുപടി

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | കേരളത്തിൽ ആകെ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട്; അതിൽ എത്ര പേർ ഭൂരഹിതരായിട്ടുണ്ട്; എത്ര പേർ ഭവനരഹിതരായിട്ടുണ്ട്; | എ) | കേരളത്തിൽ 1,07,965 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. ഇവരിൽ 10517 പേർ ഭൂരഹിതരും, 10113 പേർ ഭവനരഹിതരുമാണ്. |
| ബി) | ഈ സർക്കാർ വന്നതിനുശേഷം എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും അനുവദിച്ചിട്ടുണ്ട്; | ബി) | 512 കുടുംബങ്ങൾക്ക് TRDM മുഖേന ഭൂമിയും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 2980-പേർക്ക് വീടും അനുവദിച്ചിട്ടുണ്ട്. |
| സി) | പട്ടികവർഗ്ഗ ക്ഷേമത്തിനായി മുൻ സർക്കാർ എത്ര തുക ചെലവഴിച്ചു; കഴിഞ്ഞ ഒരു വർഷം എത്ര തുക ചെലവഴിച്ചു; വിശദമാക്കാമോ; | സി) | മുൻ സർക്കാർ പ്ലാൻ ശീർഷകത്തിൽ 48617.76 ലക്ഷം രൂപയും, നോൺപ്ലാൻ ശീർഷകത്തിൽ 15842.05 ലക്ഷം രൂപയും ഉൾപ്പെടെ 64459.81 ലക്ഷം രൂപ ചെലവഴിച്ചു.<br>2011-12 സാമ്പത്തിക വർഷം പ്ലാൻ ശീർഷകത്തിൽ 16744.4 ലക്ഷം രൂപയും നോൺ പ്ലാൻ ശീർഷകത്തിൽ 4739.91 ലക്ഷം രൂപയും ഉൾപ്പെടെ 21484.31 ലക്ഷം രൂപ ചെലവഴിച്ചു. |

| | | | |
|---|---|---|---|
| ഡി) | ഭൂരഹിത-ഭവനരഹിത എസ്.ടി കുടുംബ-ങ്ങൾക്ക് ടാർജറ്റ് ഓറിയന്റായി ഭവന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ഡി) | ഭൂരഹിതരും, ഭവനരഹിതരുമായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങ-ൾക്കും ഭൂമിയും, വീടും ഘട്ടം ഘട്ടമായി നല്കുന്നതിന് പദ്ധതികൾ നടപ്പാക്കിവരുന്നു. |
| ഇ) | ഈ ജനവിഭാഗങ്ങൾക്കിടയിൽ അവിവാ-ഹിതരായ അമ്മമാരുടെ നിരക്ക് വർഷാവർഷം വർദ്ധിക്കുന്നുണ്ടോ; ഇതു തടയാനാവശ്യമായ വിദ്യാഭ്യാസ-ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ? | ഇ) | വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2011-ൽ ശേഖരിച്ച കണക്കു പ്രകാരം 935 അവിവാഹിതരായ അമ്മമാർ ഉണ്ട്. ഇവർക്ക് എതിരായുള്ള ചൂക്ഷണങ്ങൾ തടയുന്നതിനും, ആദിവാസി മേഖലകളിൽ പുറത്തുനിന്നുള്ളവ-രുടെ കടന്നു കയറ്റം തടയുന്നതിനും, മദ്യം-മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കുറയ്ക്കുന്നതിനും വിവിധ വകുപ്പുകളുടേയും ഏജൻസികളുടെയും സഹായ-ത്തോടെ വിദ്യാഭ്യാസ, ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിലെ ഇത്തരം ചൂഷണങ്ങളും പ്രവണതകളും പൂർണ്ണമായും ഇല്ലാതാക്കി, ടി വിഭാഗത്തെ വിദ്യാഭ്യാസപരമായും സാമൂഹ്യമായും മുഖ്യധാരയിലെത്തിക്കുന്നതിനുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളും പ്രത്യേക പദ്ധതികളും വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ